**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2215</u> <u>05.12.2018 ൽ മറുപടിക്ക്</u>

## മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയലിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ ഉൾപ്പെടുത്തി ഇവിടെ രണ്ട് സ്റ്റാഫ് നഴ്സിന്റേയും ഒരു ദന്തൽ മെക്കാനിക്കിന്റെയും തസ്തിക സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ആശുപത്രിയിൽ നിലവിലുള്ള ഒഴിവുകളുടെ വിശദാംശം നൽകുമോ; | (ബി)<br>&<br>(സി) | ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>അസിസ്റ്റന്റ് ഡയറക്ടർ -1,<br>സൂപ്രണ്ട് - 1,<br>സ്റ്റാഫ് നഴ്സ് - 2<br>റേഡിയോഗ്രാഫർ - 1<br>നഴ്സിംഗ് അസിസ്റ്റന്റ് -.2<br>ക്ലാർക്ക് ടൈപ്പിസ്റ്റ് - 1<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II – 9<br>നഴ്സിംഗ് അസിസ്റ്റന്റിന്റെ രണ്ട് ഒഴിവുകൾ ഉള്ളതിൽ ഒരെണ്ണം സ്ഥലംമാറ്റം മുഖേനയും ഒരെണ്ണം സ്ഥാനക്കയറ്റം മുഖേനയും നികത്തിയിട്ടുണ്ട്. റേഡിയോഗ്രാഫറുടെ ഒഴിവ് യഥാസമയം തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. മറ്റു തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാനും നിലവിലുള്ള ഒഴിവുകൾ നികത്തുവാനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ